| 16-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ദീർഘദർശികളും വിശാലബുദ്ധികളുമാകൂ, ശിവബാബയുടെ കാര്യത്തിൽ ഒരിക്കലും തടസപ്പെടുത്തരുത്, വിഘ്നമുണ്ടാക്കുന്നവർക്ക് ഉയർന്ന പദവി ലഭിക്കുകയില്ല.**

**ചോദ്യം** - സത്യയുഗത്തിലെ ദേവീദേവതകളിൽ ഒരിക്കലും ഉണ്ടാവാത്ത ഏതൊരു ചിന്താഗതിയാണ് ഈ ലോകത്തെ മനുഷ്യർക്ക് ഉണ്ടാകുന്നത്?

**ഉത്തരം** - ഇവിടെ മനുഷ്യർ മനസ്സിലാക്കുന്നു, ഞങ്ങൾ സമ്പാദിക്കുകയാണെങ്കിൽ ഞങ്ങളുടെ പുത്ര-പൗത്രന്മാർക്ക് അനുഭവിക്കാമെന്ന്. എന്നാൽ ഈ ചിന്താഗതി ദേവതകൾക്ക് ഉണ്ടാവുകയില്ല, കാരണം അവരുടെ പുത്രന്മാരും പേരക്കുട്ടികളും ഇവിടെ നിന്നേ സമ്പത്ത് നേടിയാണ് പോകുന്നത്. അവർ മനസ്സിലാക്കുന്നു, ഞങ്ങളുടേത് അവിനാശി രാജധാനിയാണെന്ന്. ഇവിടെത്തന്നെ ഓരോരുത്തരും അവരവരുടെ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു.

**ഗീതം** - മാതാ ഓ മാതാ.......

**ഓംശാന്തി**. കുട്ടികൾ മാതാക്കളുടെ മഹിമയാണ് കേട്ടത്. കുട്ടികൾക്ക് അറിയാം ഏതെല്ലാം മാതാക്കളുടെ മഹിമയാണ് ഉണ്ടാകുന്നതെന്ന്. ഇത്രയ്ക്കും മാതാക്കളുടെ മഹിമ ഉണ്ടാകുന്നു എങ്കിൽ ജീവിച്ചിരുന്നവരായിരിക്കും. ഇപ്പോൾ അവരില്ല. ജഗദംബ ജീവിച്ചിരുന്നതാണ്, അതുകൊണ്ടാണ് ഭക്തിമാർഗ്ഗത്തിൽ അവർക്ക് മഹിമയുള്ളത്. അവർ എന്ത് ചെയ്തിട്ടാണ് പോയത്? ഇത് നിങ്ങൾക്ക് പോലും അറിയില്ലായിരുന്നു. ജഗദംബയുടെ ക്ഷേത്രങ്ങളിൽ പോകുന്നുണ്ട്, പോയി എന്തെങ്കിലുമൊക്കെ യാചിക്കുന്നു. ചിലർക്ക് കുട്ടികൾ വേണമെന്നുള്ള ആഗ്രഹമായിരിക്കും, ചിലർ ആശീർവ്വാദങ്ങൾ യാചിക്കും. ഇപ്പോൾ ജഢചിത്രങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല, അവർ മനസ്സിലാക്കുന്നില്ല, പക്ഷേ ഇതാണ് ഭക്തി. നിങ്ങൾക്ക് അറിയാം അവർ കടന്നുപോയി. ജഗദംബയ്ക്കാണ് മഹിമ. ഒരാളല്ല, നിങ്ങൾ എല്ലാവരും ബ്രാഹ്മണകുലത്തെ പാലിക്കുന്നവരാണ്, പിന്നീട് ദൈവീക കുലത്തെ പാലിക്കും. നിങ്ങൾ ശരിക്കും മുഴുവൻ ലോകത്തെയും പാലിക്കുന്നുണ്ട് പക്ഷേ ആർക്കും തന്നെ അറിയുന്നില്ല. ചണ്ഡികാ ദേവിയുടെയും മേള നടക്കുന്നുണ്ട്. ചണ്ഡിക എന്നുള്ള പേരു നോക്കൂ എത്ര മോശമായതാണ്. ബാബ പറയുന്നു ആരാണോ ആശ്ചര്യപ്പെടുത്തിക്കൊണ്ട് ഓടിപ്പോയി ബാബയോട് വിട പറയുന്നത് അവർക്കാണ് ചണ്ഡാളന്റെ പദവി ലഭിക്കുന്നത്. വീട്ടിൽ ഇളക്കമുണ്ടാക്കുമ്പോൾ പറയാറില്ലേ - നീ ചണ്ഡാളത്തിയാണ്, ചണ്ഡാളനാണെന്ന്. നിങ്ങൾ കാണുന്നുണ്ടാവും ശിവബാബയുടേതായിത്തീർന്ന് പിന്നീട് വളരെയധികം ചഞ്ചലത ചെയ്യുന്നത്, ചഞ്ചലത അർത്ഥം അവജ്ഞ ചെയ്യുന്നു, ശിവബാബയുടെ സേവനത്തിൽ ബുദ്ധിമുട്ടിക്കുന്നു എങ്കിൽ അവസാനം വിട്ടുപോകുക തന്നെ ചെയ്യും. സെന്ററിലുള്ള ഏതെങ്കിലും ബ്രഹ്മാകുമാരി, ചഞ്ചലത കാണിക്കുകയാണെങ്കിൽ, ആർക്കും തന്നെ മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നില്ല, അഥവാ ക്രോധിക്കുകയാണെങ്കിൽ എല്ലാവരും പറയും ഇവരിൽ വളരെ ക്രോധമുണ്ടെന്ന്! ചണ്ഡിക ഒരാളല്ല വളരെയധികം പേരുണ്ടാവും. ദേവിമാരുടെ മഹിമയുമുണ്ട്, പിന്നെ ഇങ്ങനെ ചണ്ഡികയായിത്തീരുന്നവർക്കും മഹിമയുണ്ട്. എങ്ങനെയായാലും ഈശ്വരന്റേതായിത്തീർന്നല്ലോ. ആരെങ്കിലും ഇവിടെ നിന്നു പോയാൽ പോലും സ്വർഗ്ഗത്തിലേക്കു വരുമല്ലോ. അധികാരിയായിത്തീരുമല്ലോ. രാജാ-റാണിയാണ് അധികാരികളെങ്കിലും പ്രജയും പറയുമല്ലോ ഞങ്ങൾ വിശ്വത്തിന്റെ അധികാരിയാണെന്ന്. കോൺഗ്രസ്സുകാർ പറയുമല്ലോ ഞങ്ങളുടെ ഭാരതം മഹാനാണെന്ന്. ഇന്നത്തെക്കാലത്ത് ഗീതത്തിലും പാടിക്കൊണ്ടിരിക്കുന്നുണ്ട് ഭാരതം വളരെ നല്ലതായിരുന്നു എന്ന്.

ഇപ്പോൾ നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ കുട്ടികളായിത്തീർന്നിരിക്കുകയാണ്. ഗോപീവല്ലഭന്റെ ഗോപ-ഗോപികമാരെക്കുറിച്ച് മഹിമയുണ്ട്. വല്ലഭനെന്ന് ബാബയെയാണ് പറയുന്നത്. പാടാറുമുണ്ട് ഒരു ഗോപീവല്ലഭന്റെ അനേക ഗോപ-ഗോപികമാർ. സത്യയുഗത്തിൽ ഗോപികമാരുടെ കാര്യം തന്നെയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ വിശാല-ദീർഘവീക്ഷണ ബുദ്ധിയുള്ളവരായിത്തീർന്നിരിക്കുകയാണ്. ബുദ്ധിയുടെ പൂട്ട് തുറക്കപ്പെട്ടിരിക്കുകയാണ്. ഈ ജന്മത്തിലെ ജീവിത കഥയെക്കുറിച്ച് നിങ്ങൾക്ക് നല്ല രീതിയിൽ അറിയാം. ഓരോരുത്തർക്കും ലഹരിയുണ്ടാവുമല്ലോ. ബിർളക്ക് എങ്ങനെയാണോ തന്റെ ധനത്തിന്റെ ലഹരിയുള്ളത്, മനസ്സിലാക്കുന്നു ഞങ്ങളാണ് ഏറ്റവും വലിയ ധനികരെന്ന്. പക്ഷേ നിങ്ങൾക്ക് അറിയാം ആരാണോ ഇന്ന് ധനവാന്മാർ അവർ നാളെ സാധാരണക്കാനാവും. നിങ്ങളുടെയും മറ്റുള്ള മനുഷ്യരുടെയും ബുദ്ധി തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ഞാൻ ഇന്നയാളാണ്, ഇങ്ങനെയാണ്...... ഓരോരുത്തർക്ക് എന്തെല്ലാം ലഹരിയാണ്. ഇദ്ദേഹത്തിനും(ബ്രഹ്മാവ്) ലഹരിയുണ്ടായിരുന്നല്ലോ - ഞാൻ വലിയ

രത്നവ്യാപാരിയാണ്. ഇപ്പോൾ മനസ്സിലാക്കുന്നു ആ ലഹരിയെല്ലാം തന്നെ കക്കയ്ക്കു സമാനമായിരുന്നെന്ന്. നിങ്ങൾ കുട്ടികൾക്ക് എത്ര ലഹരിയാണ് വർദ്ധിച്ചിരിക്കുന്നത്! അവർ മനസ്സിലാക്കുന്നു ഞങ്ങൾ സമ്പാദിച്ചാൽ ഞങ്ങളുടെ കുട്ടികളും പേരക്കുട്ടികളും തന്നെ അനുഭവിക്കുമെന്ന്. ഇവിടെ അതിന്റെ കാര്യമില്ല. നിങ്ങൾക്ക് അറിയാം നമ്മൾ പരിധിയില്ലാത്ത അച്ഛനെ അറിഞ്ഞ് അച്ഛനിൽ നിന്നും സമ്പത്ത് നേടിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രാപ്തിയാണ് നമ്മൾ സ്വയം ജന്മജന്മാന്തരമായി അനുഭവിക്കുന്നത്. പുത്രന്മാരും പേരക്കുട്ടികളുമെല്ലാം ഇപ്പോൾ സ്വയം ഇവിടെ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ പേരക്കുട്ടികൾ അനുഭവിക്കും – എന്ന ചിന്ത അവിടെ ആവശ്യമില്ല. അവിനാശി രാജ്യപദവിയാണെന്ന് മനസ്സിലാക്കുന്നു. ഇവിടത്തെ രാജാക്കന്മാർ മനസ്സിലാക്കുന്നു ഞങ്ങളുടെ വരുംതലമുറകൾ അനുഭവിക്കുമെന്ന്. നിങ്ങൾ ഇപ്പോൾ ബാബയിൽ നിന്നും ഇത്രയ്ക്കും സമ്പത്ത് എടുക്കുന്നുണ്ട്, ഇങ്ങനെയുള്ള കർമ്മമാണ് ചെയ്യുന്നത് 21 ജന്മത്തേക്ക് അതിന്റെ ഫലം അനുഭവിച്ചുകൊണ്ടിരിക്കുന്നു. പുത്രന്മാരുടെയും പേരക്കുട്ടികളുടെയും ചിന്ത ഉണ്ടായിരിക്കുകയില്ല. അവരും ഇവിടെത്തന്നെ സമ്പത്ത് നേടുന്നു. നിങ്ങൾക്ക് എത്ര ജ്ഞാനമാണ്, മനുഷ്യർക്ക് ഒന്നും തന്നെ അറിയുന്നില്ല. ഗോഡ്ഫാദർ, ആരെയാണോ ഇത്രയ്ക്കും ഓർമ്മിക്കുന്നത് തീർച്ചയായും അവരിൽ നിന്നും ഭാരിച്ച സുഖം ലഭിച്ചിട്ടുണ്ടാവും. ഇങ്ങനെ പാടാറുണ്ട് – അല്ലയോ പരമപിതാവായ പരമാത്മാവേ ദയ കാണിക്കൂ. അവരെ പരമമായ ആത്മാവ് എന്നാണ് പറയുന്നത്. സുപ്രീമാണ്. ജനന–മരണ രഹിതനായതുകൊണ്ടാണ് പരമാത്മാവ് എന്നു പറയുന്നത്. എല്ലാ ആത്മാക്കളുടെയും രൂപം ഒരുപോലെയാണ്. എങ്ങനെയാണോ പുരുഷാർത്ഥം ചെയ്യുന്നത് അതുപോലെയുള്ള പദവി നേടുന്നു. ബ്രഹ്മാവിന്റെ ആത്മാവ് നന്നായി പഠിക്കുന്നു അതുകൊണ്ട് നാരായണനായിത്തീരുന്നു. ചിലർ തോറ്റു പോകുന്നതുകൊണ്ട് രാമനായിത്തീരുന്നു. ആത്മാവു തന്നെയാണല്ലോ ആയിത്തീരുന്നത്. നിങ്ങളുടെ ആത്മാവ് മനസ്സിലാക്കുന്നു ഞാൻ പരമപിതാവായ പരമാത്മാവിൽ നിന്നും രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. ആത്മാവ് പിന്നീട് വന്ന് പുതിയ വസ്ത്രം അണിഞ്ഞ് പാർട്ട് അഭിനയിക്കുന്നു. നരനിൽ നിന്നും നാരായണനായിത്തീരുന്നു. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ നമ്പർവൈസായ പുരുഷാർത്ഥമനുസരിച്ച് ഉണ്ട്. പിന്നീട് ഈ ജ്ഞാനം ലോപിക്കപ്പെടും. അവിടെ പതിതരാരും തന്നെയുണ്ടാവുകയില്ല. ആർക്ക് ജ്ഞാനം നൽകാനാണ്? ഇവിടെയാണ് പതിതപാവനനെ ഓർമ്മിക്കുന്നത്. ശരി ഗംഗ പതിതപാവനിയാണെങ്കിൽ പോലും അതിന് രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ലല്ലോ. ബാബയ്ക്കു മാത്രമേ രാജയോഗം പഠിപ്പിക്കാൻ സാധിക്കൂ. ഈ ഡ്രാമയുടെ രഹസ്യം ആദി മുതൽക്ക് അന്തിമം വരെ നിങ്ങളുടെ ബുദ്ധിയിലുണ്ട്.

നിങ്ങൾ എല്ലാവരും ഒരേ ക്ലാസ്സിൽ തന്നെയാണ് പഠിക്കുന്നത്, പക്ഷേ നമ്പർവൈസാണ്. ആദ്യമാദ്യം 300 പേരുടെ ഭട്ഠിയായിരുന്നു. ഒരു ഗോശാലയിൽ ആയിരക്കണക്കിനു പശുക്കൾ ഉണ്ടെങ്കിൽ അവരെ സംരക്ഷിക്കാനും ബുദ്ധിമുട്ടായിരിക്കും. ഭട്ഠിയും കുറച്ചുപേരുടേതായിരുന്നു. അതിലും പലരും ഇപ്പോഴും മുന്നോട്ടു പോകുന്നുണ്ട്, പലരും കൊഴിഞ്ഞു പോയി. പല കുട്ടികളും മനസ്സിലാക്കുന്നു, ഞങ്ങൾ ആദ്യം മുതൽക്കേ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നെന്ന് പക്ഷേ അങ്ങനെയല്ല. പഴയവർ തന്നെ എത്ര പേർ വിട്ടുപോയിട്ടുണ്ട്! 25–30 വർഷങ്ങളുള്ളവർ പോലും ഇത് പരിധിയില്ലാത്ത അച്ഛനാണെന്നുള്ള കാര്യം ഓർമ്മ വെക്കുന്നില്ല, ആരിൽ നിന്നാണോ സമ്പത്ത് ലഭിക്കുന്നത്. ബാബ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു, ഇത് സെക്കന്റിന്റെ കാര്യമാണ്. ബാബ പറയുന്നു, നിങ്ങൾ എന്റേതായിത്തീരുന്നതിലൂടെ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുന്നു. ജീവന്മുക്താവസ്ഥ രാജാ–റാണിയും നേടുന്നുണ്ട്, പ്രജകളും നേടുന്നുണ്ട്. സെക്കന്റിൽ ജീവന്മുക്തി എന്ന മഹിമയുണ്ട്. ആരാണോ പൂർണ്ണമായും പഠിക്കാത്ത കുട്ടികൾ അവർ എന്തായിരിക്കും ചെയ്യുന്നുണ്ടാവുക? ചഞ്ചലത. ചില ചില കുട്ടികൾ നല്ല ആജ്ഞാകാരികളായിരിക്കും. അച്ഛനെക്കാളും ഉയർന്ന പദവി നേടും. അച്ഛൻ 100–200 സമ്പാദിക്കും, കുട്ടി ലക്ഷപതിയായിത്തീരും. അലൗകിക സംബന്ധത്തിലും അങ്ങനെയുണ്ടാവും, 7 ദിവസത്തെ കുട്ടി 25 വർഷത്തിലുള്ളവരെക്കാളും മുന്നോട്ടുപോകും. നമ്പർ വൈസായിരിക്കുക തന്നെ ചെയ്യും.

വാസ്തവത്തിൽ നിങ്ങളെല്ലാവരും തന്നെ പ്രിയതമകളാണ്. ഒരേയൊരു പ്രിയതമനെയാണ് ഓർമ്മിക്കുന്നത്. നിങ്ങൾക്ക് അറിയാം ബാബ വന്ന് നിങ്ങൾക്ക് സുഖധാമത്തിന്റെ സമ്പത്താണ് നൽകുന്നത്. ലൗകിക പതിയുണ്ടെങ്കിൽ പോലും ഓർമ്മിക്കുന്നത് പതിമാരുടെയും പതിയെയാണ്. പാരലൗകിക പ്രിയതമൻ അമൃതമാണ് കുടിപ്പിക്കുന്നത് അതുകൊണ്ടാണ് അവരെ ഓർമ്മിക്കുന്നത്, പിന്നീട് നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുന്നു. പിന്നീട് അവിടെ ആരെയും തന്നെ ഓർമ്മിക്കുന്നില്ല. ഇപ്പോഴത്തെ പുരുഷാർത്ഥത്തിലൂടെ നിങ്ങൾ 21 ജന്മത്തേക്കുള്ള പ്രാപ്തി അനുഭവിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധി എത്ര തുറന്നു കഴിഞ്ഞു! അതും നമ്പർവൈസാണ് അപ്പോൾ ചക്രവർത്തിപദവിയും നമ്പർവൈസായിരിക്കും. നിങ്ങൾക്ക് എല്ലാ അറിവും നൽകിയിട്ടുണ്ട്. ഇവിടെ നല്ല രീതിയിൽ പഠിപ്പ് പഠിക്കുന്നതിലൂടെ പദവിയും ഉയർന്നത്

ലഭിക്കും. ഇല്ലെങ്കിൽ പഠിക്കാത്തവർക്ക് പഠിച്ചവരുടെ മുന്നിൽ തല കുനിക്കേണ്ടി വരും. ഇതിൽ വളരെ നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ഇപ്പോൾ പുരുഷാർത്ഥം ചെയ്യുന്നതിനായുളള നല്ല സമയമാണ്. നിങ്ങൾക്ക് അറിയാം എവിടെ ജീവിക്കുന്നുവോ അവിടെ ജ്ഞാനാമൃതം കുടിക്കണം അഥവാ പഠിച്ചുകൊണ്ടിരിക്കണം. തൈ നട്ടു കൊണ്ടിരിക്കുന്നുണ്ട്. ചിലർക്ക് പെട്ടെന്നുതന്നെ മനസ്സിലാക്കാൻ സാധിക്കുന്നു എങ്കിൽ മനസ്സിലാക്കാം ഇവർക്ക് നല്ല പദവി ലഭിക്കുമെന്ന്, നല്ല സമീപ പുഷ്പമാണ്. ശരീരം, മനസ്സ്, ധനം എന്നിവ സമർപ്പണം ചെയ്താണ് ഇരിക്കുന്നത്, സേവനത്തിൽ മുഴുകുന്നവരാണ്. മനസ്സിലാക്കുന്നു തന്റെ സമയത്തെ എത്രത്തോളം സേവനത്തിൽ ഉപയോഗിക്കുന്നുവോ അത്രത്തോളം പ്രയോജനമാണെന്ന്. ബാബ ജ്ഞാന നേത്രമില്ലാത്ത നമ്മളുടെ ഊന്നുവടിയായിത്തീർന്നതുപോലെ നമുക്കും ആയിത്തീരണം. നിങ്ങൾ മറ്റുളളവരുടെ ഊന്നുവടിയായിത്തീരണം. രാവണനാണ് നിങ്ങളെ അന്ധന്മാരാക്കിത്തീർത്തത്. ഇത് നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു, ഈ സമയം മുഴുവൻ ലോകവും ലങ്കയാണ്. എല്ലാവരും ശോകവാടികയിലാണ്. പക്ഷേ പേര് വെച്ചിരിക്കുന്നത് അശോക ഹോട്ടൽ എന്നൊക്കെയാണ്, അവിടെ വളരെ നന്നായി രസിച്ചുല്ലസിക്കുന്നു.

ഇപ്പോൾ നിങ്ങൾക്ക് അറിയാം ബാബ വന്നിരിക്കുകയാണ്. മഹാഭാരതയുദ്ധം തൊട്ടുമുന്നിലാണ്. വീടിന്റെ ഗേറ്റുകൾ തുറക്കണമെങ്കിൽ തീർച്ചയായും ഇതെല്ലാം തന്നെ സംഭവിക്കണം. ദ്വാപരയുഗത്തിലെ കാര്യമല്ല. ഇപ്പോഴാണല്ലോ ഘോരമായ അന്ധകാരം. ബ്രാഹ്മണരുടെ രാത്രി ഇപ്പോൾ പൂർത്തിയായിരിക്കുകയാണ്. ബാബ വന്നിരിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം തന്നെ നിങ്ങൾ കുട്ടികൾക്കു മാത്രമേ അറിയൂ. വിദ്യാലയത്തിൽ പഠിക്കുന്നുണ്ട്, ചിലർ വളരെ നല്ല മാർക്ക് നേടുന്നുണ്ട്, ചിലർ തോറ്റു പോകുന്നുണ്ട്. തോൽക്കുന്നതിന്റെ അടയാളമായിട്ടാണ് ചന്ദ്രവംശിയായിത്തീരുന്നത്. രാമന് ക്ഷത്രിയന്റെ അടയാളമാണ് നൽകിയിരിക്കുന്നത്. അർത്ഥം മനസ്സിലാക്കുന്നില്ല. ലവ-കുശന്റെ എന്തെല്ലാം തന്നെ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. എത്ര അസത്യമായ ആരോപണമാണ് നടത്തിയിരിക്കുന്നത്. ഇങ്ങനെ പാടാറുണ്ട് - രാമ രാജാ, രാമപ്രജ  ധർമ്മത്തിന്റെ പ്രതീകമാണെന്ന്. പിന്നെ ഈ കാര്യങ്ങളെല്ലാം തന്നെ എവിടെ നിന്നു വന്നു? ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. നിങ്ങൾക്ക് അറിയാം ഈ ജ്ഞാനം നമ്മുടെ ബുദ്ധിയിലും നമ്പർവൈസായാണ്. വിദ്യാർത്ഥികൾക്ക് വളരെ തീവ്രമായി പരിശ്രമിക്കണം. നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ്. ടീച്ചറെ ഓർമ്മിക്കാത്തവർ ആരാണ്! നമ്മൾ പതിതപാവനനായ ഈശ്വരന്റെ വിദ്യാർത്ഥികളാണ്. ഇതിൽ അച്ഛനും ടീച്ചറും സദ്ഗുരുവും മൂന്നുപേരും വരുന്നുണ്ട്. നിങ്ങളെല്ലാവരും സീതമാരല്ലേ. രാവണന്റെ ശോകവാടികയിലാണ് വസിക്കുന്നത്. നിരാകാരനായ ഗോഡ്ഫാദർ ജ്ഞാനസാഗരനും നോളേജ്ഫുളളുമാണ്. കൃഷ്ണനെയോ അഥവാ ലക്ഷ്മി-നാരായണനെയോ ഇങ്ങനെ പറയുകയില്ല. അവരുടെ മഹിമ വേറിട്ടതാണ്. ഗീതത്തിലും പാടുന്നുണ്ട്- ആരാണോ ഇവരെ അങ്ങനെയാക്കിത്തീർക്കുന്നത് അവരുടെ മഹിമ അപരം അപാരമാണ്. നിങ്ങൾ പറയുന്നു - ബാബാ, ഞങ്ങൾ അങ്ങയിൽ നിന്നും പൂർണ്ണമായ സമ്പത്ത് നേടും. അങ്ങ് എത്ര മധുരമാണ്, എത്ര സ്നേഹിയാണ്! ലക്ഷ്മി-നാരായണൻ എത്ര മധുരമാണ്, എത്ര സ്നേഹിയാണ്! ലക്ഷ്മി-നാരായണന്റെ ചിത്രത്തെ നോക്കൂ എപ്പോഴും പുഞ്ചിരിയോടെയാണ് കാണിക്കുന്നത്. നിങ്ങൾക്ക് അറിയാം ദേവതകൾ ഈ ഭാരതത്തിൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ എവിടെയാണ്? നിങ്ങൾക്ക് എല്ലാവരോടും പറയാം ഇത് അവരുടെ അന്തിമ ജന്മമാണെന്ന്. വീണ്ടും കൃഷ്ണനുണ്ടാകും. ഇപ്പോൾ കൃഷ്ണപുരി സ്ഥാപിക്കപ്പെടുകയാണ്. കൃഷ്ണനും രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളും കൃഷ്ണപുരിയിലേക്കു പോകാൻ ആഗ്രഹിക്കുന്നു എങ്കിൽ രാജയോഗം പഠിക്കൂ. ലക്ഷ്മി-നാരായണൻ എന്നു പറയുമ്പോൾ മനുഷ്യർ സംശയിക്കുന്നു. കൃഷ്ണനെ ഊഞ്ഞാലിൽ ആട്ടുന്നു. പൂജിക്കുന്നത് ലക്ഷ്മി-നാരായണനെയാണ്. അവരുടെ കുട്ടിക്കാലത്തെ ചരിത്രത്തെക്കുറിച്ച് ഒന്നും തന്നെയില്ല. രാധയും കൃഷ്ണനും പിന്നീട് എവിടേക്കു പോയി, അവർക്ക് എന്തു സംഭവിച്ചു - ഒന്നും തന്നെ അറിയുന്നില്ല. കൃഷ്ണനും രാധയും പരസ്പരം സഹോദരങ്ങളായിരുന്നില്ല. ഇപ്പോൾ കൃഷ്ണന്റെയും രാധയുടെയും രാജ്യമില്ലല്ലോ. ദ്വാപരയുഗത്തിൽ പോലും അവരുടെ രാജധാനിയെക്കുറിച്ച് അറിയുമായിരുന്നില്ല. അപ്പോൾ ഈ കാര്യങ്ങളെല്ലാം തന്നെ മനസ്സിലാക്കാൻ വളരെ നല്ല ബുദ്ധി ആവശ്യമാണ്. സാഹിത്യം രചിക്കുന്നതിനും പ്രയത്നമുണ്ട്. വിഷ്ണുവിന്റെ അലങ്കാരത്തെക്കാണിക്കുന്നുണ്ട്, പക്ഷേ വാസ്തവത്തിൽ വിഷ്ണുവിന് ഈ അലങ്കാരങ്ങളൊന്നും തന്നെ ഉണ്ടാകില്ല. വിഷ്ണു അഥവാ ലക്ഷ്മി-നാരായണന് ശംഖൊന്നും തന്നെയില്ല. അപ്പോൾ നാം എന്താണ് എഴുതുക? മനുഷ്യർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ശംഖ് നിങ്ങൾക്കാണുളളത്. അപ്പോൾ അലങ്കാരങ്ങൾ നൽകേണ്ടത് ബ്രാഹ്മണർക്കാണ്. ഈ ബ്രാഹ്മണർ എവിടെ നിന്നാണ് വന്നിരിക്കുന്നതെന്ന് വിചാരിക്കും? മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും നമ്മൾ ബ്രാഹ്മണർ സ്വദർശന ചക്രധാരികളാണെന്ന്. ഈ കാര്യങ്ങളെല്ലാം തന്നെ മനസ്സിലാക്കണമെങ്കിൽ വിശാലബുദ്ധി ആവശ്യമാണ്. പ്രജയിലേക്കു പോകുന്ന തടിച്ച ബുദ്ധിയുളളവർക്ക് മനസ്സിലാക്കാൻ സാധിക്കുകയില്ല. മനസ്സിലാക്കാൻ വളരെ പ്രയാസമായിത്തോന്നും. ബാബ എഴുതുന്നുമുണ്ട് - സിക്കീലധേ സ്വദർശന ചക്രധാരി ബ്രഹ്മാമു

ഖവംശാവലിയെന്നാണ്. പക്ഷേ നിങ്ങൾക്ക് അലങ്കാരങ്ങളൊന്നും ഇല്ലല്ലോ. ചിത്രങ്ങളിൽ ദേവിമാർക്ക് മൂന്നാമത്തെ കണ്ണ് നൽകിയിട്ടുണ്ട്, പക്ഷേ അവർക്ക് മൂന്നാമത്തെ കണ്ണ് ഇല്ല. നിങ്ങളുടേതാണ് മൂന്നാമത്തെ കണ്ണ് തുറന്നിരിക്കുന്നത്. നിങ്ങൾ ശക്തികളുടെ മഹിമയാണ്. ജഗദംബയുണ്ടെങ്കിൽ ശക്തികളും കൂടെയുണ്ട്. കൂടുതലും അമ്മമാരുടേതാണ്. മാതാക്കളെത്തന്നെയാണ് ഉയർത്തി എഴുന്നെൽപ്പിക്കുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. തന്റെ സമയത്തെ സേവനത്തിൽ സഫലമാക്കണം. ശരീരം, മനസ്സ്, ധനം സർവ്വതും അർപ്പിച്ച് ഏതു വരെ ജീവിക്കുന്നുവോ പഠിപ്പ് പഠിച്ചുകൊണ്ടിരിക്കണം.

2. പരസ്പരം മറ്റുള്ളവരെ ജ്ഞാനത്താൽ പാലിക്കണം. ബാബയുടെ അവജ്ഞ ഉണ്ടാക്കുന്ന രീതിയിലുള്ള ഒരു കാര്യവും ചെയ്യരുത്.

## വരദാനം - അവിനാശി അതീന്ദ്രിയസുഖത്തിൽ കഴിഞ്ഞ് എല്ലാവർക്കും സുഖം നൽകുകയും സുഖമെടുക്കുകയും ചെയ്യുന്ന മാസ്റ്റർ സുഖദാതാവായി ഭവിക്കട്ടെ.

അതീന്ദ്രിയസുഖം അതായത് ആത്മീയസുഖം അവിനാശിയാണ്. ഇന്ദ്രിയങ്ങൾ സ്വമേവ വിനാശിയാണ് എങ്കിൽ അതിലൂടെ പ്രാപ്തമാകുന്ന സുഖവും വിനാശിയായിരിക്കും. അതിനാൽ സദാ അതീന്ദ്രിയസുഖത്തിൽ കഴിയൂ എങ്കിൽ ദുഖത്തിന്റെ പേരടയാളത്തിന് വരാനേ കഴിയില്ല. അഥവാ മറ്റാരെങ്കിലും താങ്കൾക്ക് ദു:ഖം നൽകുന്നുവെങ്കിൽ താങ്കൾ എടുക്കേണ്ട. താങ്കളുടെ സ്ലോഗനാണ്-സുഖം നൽകൂ, സുഖമെടുക്കൂ. ദു:ഖം നൽകാതിരിക്കൂ, ദു:ഖം എടുക്കാതിരിക്കൂ. ആരെങ്കിലും ദു:ഖം നൽകുകയാണെങ്കിൽ അതിനെ പരിവർത്തനപ്പെടുത്തി താങ്കൾ സുഖം നൽകൂ. അവരെയും സുഖിയാക്കൂ അപ്പോൾ പറയും മാസ്റ്റർ സുഖദാതാവ്.

## സ്ലോഗൻ- അധികം സംസാരിച്ച് ഊർജം കളയുന്നതിനു പകരം അന്തർമുഖതയുടെ രസത്തിന്റെ അനുഭവിയാകൂ